ഉത്തരം

(എ) കുണ്ടറ ജലവിതരണ പദ്ധതിയുടെ പണി ആരംഭിച്ചത് 1986 ജൂൺ മാസത്തിലാണ്.

(ബി) കൊല്ലം ജില്ലയിലെ കുണ്ടറ, പേരയം, കല്ലട, എഴുകോൺ, പവിത്രേശ്വരം, നെടുവത്തൂർ, കുളക്കട എന്നീ ഏഴു പഞ്ചായത്തുകൾക്ക് പ്രയോജനം ലഭ്യമാകുന്നതാണ്.

(സി) ഈ സ്കീമിന്റെ പ്രധാന ജലവാഹിനി കുഴലുകൾ ഭൂരിഭാഗം എ.സി.യും കുറെ ഭാഗം പ്രിമോയും ആയതിനാൽ ലീക്കുകളും പൊട്ടലുകളും താരതമ്യേന കൂടുതലായിരുന്നു. ഇക്കാരണത്താൽ 'ട്രയൽ റൺ' പ്രക്രിയ വളരെ സാവധാനം മാത്രമേ സാധിക്കുന്നുള്ളൂ. വളരെ നേരത്തെ സ്ഥാപിച്ച പൈപ്പുകൾ ആയതിനാൽ പല ജോയിന്റുകളുടെയും റബർ റിംഗുകൾ ചുരുങ്ങി ലീക്ക് ആകുന്നു. അവ നന്നാക്കാതെ മുന്നോട്ട് പോകുവാൻ സാധ്യമാകാതെയാണ് ഇരിക്കുന്നത്. പദ്ധതി പ്രദേശം മുഴുവനായിട്ടും കമ്മീഷൻ ചെയ്യുവാനുള്ള കാലതാമസം ഇതാണ്. ഇപ്പോൾ കുണ്ടറ, പേരയം, ഈസ്റ്റ് കല്ലട, നെടുവത്തൂർ, പവിത്രേശ്വരം എന്നീ പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള 219 പൊതു ടാപ്പുകളിലൂടെ ജലവിതരണം നടത്തുന്നുണ്ട്. ഈ പദ്ധതിയുടെ 98 ശതമാനം പണികളും തീർന്നു. ഈ സ്കീമിന്റെ ഒന്നാം മേഖലയിൽപ്പെട്ട കുളക്കട പഞ്ചായത്തിലേക്ക് പോകേണ്ട പ്രധാന പൈപ്പുലൈൻ കൊട്ടാരക്കരയിലെ റെയിൽവേ മേൽപാലത്തിന് മുകളിൽ കൂടി പോകേണ്ടതിനാൽ മേൽപാലത്തിന്റെ ജോലികൾ റെയിൽവേ യെത്തന്നെ ഏല്പിച്ചിരിക്കുകയാണ്. പ്രസ്തുത പണി റെയിൽവേ ആറുമാസം കൊണ്ട് പൂർത്തീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

തിരൂരങ്ങാടി-പരപ്പനങ്ങാടി വള്ളിക്കുന്ന് സംയോജിത ശുദ്ധജല പദ്ധതി

66 (291) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി-പരപ്പനങ്ങാടി-വള്ളിക്കുന്ന് സംയോജിത ശുദ്ധജല പദ്ധതിയുടെ വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(സി) തിരൂരങ്ങാടി മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തിരൂരങ്ങാടി-പരപ്പനങ്ങാടി-വള്ളിക്കുന്ന് സംയോജിത ശുദ്ധജല പദ്ധതിയുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് അടിയന്തിര നടപടി സർക്കാർ കൈക്കൊള്ളുമോ ;

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി-പരപ്പനങ്ങാടി-വള്ളിക്കുന്ന് സംയോജിത ശുദ്ധജലവിതരണ പദ്ധതിയുടെ വികസനത്തിനായി മുപ്പത്തി അഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 30,000 പേർക്ക് ഉപയോഗപ്രദമായ ഈ പദ്ധതിയിൽ ഉറവിടത്തിന്റെ വിപുലീകരണത്തിനായി പമ്പ് ഹൗസോട് കൂടിയ ഒരു പുതിയ കിണറും ഗ്യാലറിയും പമ്പിംഗ് മെയിനും വാക്കികയം പമ്പ് ഹൗസിലും കമ്മാട് ബൂസ്റ്റർ പമ്പ് ഹൗസിലും പുതിയ പമ്പ് സെറ്റുകളും ഒരു എം.എൽ.ഡി. ശേഷിയുള്ള ഫോറിബോണ്ടർ ഫീൽറ്റർ മീഡിയയും വിഭാവനം ചെയ്തിരിക്കുന്നു.

(ബി) ഈ പദ്ധതിയുടെ കിണർ, ഗ്യാലറി, പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവർത്തികൾ ടെൻഡർ ചെയ്തു. കിണറിന്റെ ടെൻഡർ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ പരിശോധനയിലാണ്. പമ്പിംഗ് മെയിനിന്റെ ടെൻഡർ വാലിഡിറ്റി പിരിഡ് കഴിഞ്ഞതിനാലും വാലിഡിറ്റി എക്സ്റ്റന്റ് ചെയ്യാൻ കോൺട്രാക്ടർക്ക് താല്പര്യമില്ലാത്തതിനാലും റീ ടെൻഡർ ചെയ്യാൻ വെച്ചിട്ടുണ്ട്. ഗ്യാലറിയുടെ ടെൻഡർ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

(സി) ഫണ്ടിന്റെ അഭാവം മൂലം ഈ പദ്ധതി പ്രൈംമിനിസ്റ്റേഴ്സ് ഗ്രാമീണ സംയോജന സ്കീമിൽ ഉൾപ്പെടുത്തി കിട്ടുന്നതിനുള്ള പ്രൊപ്പോസൽ അയച്ചിട്ടുണ്ട്.

(ഡി) ഫണ്ടും സാധനസാമഗ്രികളും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ പണി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

സംസ്ഥാനത്തെ വടക്കൻ ജില്ലകളിലെ നീർമറി-നീർത്തട പദ്ധതി

67 (292) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മലപ്പുറമടക്കമുള്ള വടക്കൻ ജില്ലകളിലെ ശുദ്ധജലവിതരണത്തിനും നീർമറി-നീർത്തട പദ്ധതികൾക്കുമായി സംസ്ഥാന സർക്കാർ ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കുമായി ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ എന്തെല്ലാം ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കരാർ പ്രകാരം സംസ്ഥാന സർക്കാരിന് എത്ര കോടി രൂപയുടെ ധനസഹായം ഇതിനകം ലഭിച്ചിട്ടുണ്ട് ;

(സി) അതിൽ എത്ര തുക ശുദ്ധജല നീർത്തട പദ്ധതികൾക്കായി ചെലവിട്ടു ;

(ഡി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly